Shri S. Thankappan Pillai: Is this amount of income limit equally applicable to the other students of other backward communities, who are educationally and economically backward?

ശ്രീ. എം. കെ. രാഘവൻ: സർ, പിന്നോക്ക സമുദായത്തിൽപ്പെടാത്തതും എന്നാൽ മുന്നോക്ക സമുദായത്തിൽപ്പെട്ടതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ചില സൗജന്യങ്ങളും കൊടുക്കുന്നുണ്ട്; കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സൗജന്യം എക്സംപ്ഷൻ കൊടുത്തുകൊണ്ട് അതിൽ വരുമാന പരിധി വച്ചിരിക്കുന്നത് 6000 രൂപയാണ്. അതായിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഇങ്ങനെ ചോദിച്ചു കഴിഞ്ഞാൽ മനസ്സിലാക്കാൻ പ്രയാസമാണ്. മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് ആറായിരം രൂപയാണ് സാമ്പത്തികപരിധി വച്ചിരിക്കുന്നത്.

ഷോർട്ട് നോട്ടീസ് കസ്റ്റ്യൻ

മി. സ്പീക്കർ: 2.0 നമ്പർ ചോദ്യത്തിന് ഉത്തരം പറയേണ്ട മുഖ്യ മന്ത്രി സഭയിൽ ഇല്ലാത്തതിനാൽ മറുപടി പറയേണ്ട.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റിൽനിന്നുള്ള ജല മലിനീകരണം

* 818 [3] ഡോ. കെ. ജി. അടിയോടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ഫാക്ടറിയിൽനിന്ന് പുറത്തേക്കു വിടുന്ന മലിനജലംമൂലം സമീപവാസികളുടെ ആരോഗ്യം നശിക്കുകയും അതുമൂലം പലരുടേയും മരണത്തിനിടയാവുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതി വിശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റോ, വാട്ടർ പൊല്യൂഷൻ കൺട്രോൾ ബോർഡോ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ്?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയിൽനിന്നുള്ള മലിന ജലം കടലിലേക്കാണ് പുറംതള്ളുന്നത്. എന്നാൽ അത് കരയിലേക്കടിക്കുന്നതുമൂലം സമീപവാസികളായ മൽസ്യത്തൊഴിലാളികളുടെ ആരോഗ്യത്തിന് ഹാനികരമായിത്തീർന്നിട്ടുണ്ടെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കാൻ ജലമലിനീകരണ നിവാരണ ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് സ്ഥാപിക്കുന്നതുവരെ താൽക്കാലിക നടപടിയെന്ന നിലയിൽ മലിനജലം പൈപ്പുവഴി ആഴക്കടലിൽ കൊണ്ടു തള്ളുന്നതിനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. എന്നാൽ ബോർഡിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ മാനേജുമെന്റ് അനുവർത്തിച്ചു വരുന്ന ഉദാസീനതയ്ക്കെതിരായി കൂടുതൽ കർശനമായ നടപടികൾ സ്വീകരിക്കാൻ ബോർഡ് നീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഗവൺമെന്റ് ഉടമയിലുള്ള ഒരു വ്യവസായമായ ടൈറ്റാനിയം പ്രോഡക്ട്സിൽനിന്ന് പ്രതിദിനം 3 ലക്ഷം രൂപ വിലയുള്ള 100 ടൺ സംഘ്യൂറിക് ആസിഡ് പുറത്തേക്കു വിടുന്നതുമൂലം മനുഷ്യർക്കും ജീവജാലങ്ങൾക്കും അപകടം ഉണ്ടാകുന്നതുകൊണ്ട് അത് ട്രീറ്റ്ചെയ്യുന്നതിനുവേണ്ടി ഒരു പ്ലാന്റ് മൂന്നുകോടി രൂപ ചെലവുചെയ്ത് ജർമ്മനിയിൽനിന്ന് ഇറക്കുമതിചെയ്യുമെന്ന് പറഞ്ഞിട്ട് അനേകവർഷങ്ങളായി. ഇക്കാര്യം മൂന്നുനാലു വർഷങ്ങളായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഗവൺമെൽറ് ഒന്നും ചെയ്യാത്തതുകൊണ്ടല്ലേ ഈ ജലമലിനീകരണവും അതുമൂലമുള്ള ആപത്തുകളും തുടരുന്നത്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്.ശ്രീനിവാസൻ): പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു ദിവസം മൂന്നുലക്ഷം രൂപയുടെ സംഘ്യൂറിക് ആസിഡ് കടലിൽ ഒഴുക്കുകയും അതിൽനിന്നുണ്ടാകുന്ന പ്രയാസങ്ങൾ ഇല്ലാതാക്കാൻവേണ്ടി മൂന്നുകോടി രൂപ ചെലവാക്കാതിരിക്കുകയും ചെയ്യുന്നത് അക്ഷന്തവ്യമായ ഉദാസീനതയല്ലേ?

ശ്രീ. കെ. പി. പ്രഭാകരൻ: അതിനുള്ള മറുപടിയാണ് വ്യവസായ മന്ത്രി പറഞ്ഞത്. സംഘ്യൂറിക് ആസിഡ് ട്രീറ്റ് ചെയ്യുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. 'NEERI' യുമായി ആലോചിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ മൂന്നു വർഷത്തോളം താമസം വരുന്നതുകൊണ്ടാണ് അതിനുമുമ്പ് ആഴക്കടലിൽ തള്ളാൻ നിർദ്ദേശം കൊടുത്തത്. ഇത് സംബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയുടെ നിർദ്ദേശം ആരാഞ്ഞിരുന്നു. അവരുടെ പ്രോജക്ട് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. 20 കിലോമീറ്റർ ദൂരത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കണമെങ്കിൽ 65 ലക്ഷം രൂപ ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത്ര ഭീമമായ സംഖ്യ ചെലവാക്കി ഇത് സ്ഥാപിക്കുന്നതിനുപകരം ട്രീറ്റിംഗ് പ്ലാന്റല്ലേ നല്ലത് എന്ന് വീണ്ടും ആലോചിച്ചു. അങ്ങനെയാണ് കാലതാമസം വന്നത്. സംഘ്യൂറിക് ആസിഡിനെ പ്ലാന്റാക്കി മാറ്റുന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശം വേറെ പരിശോധിക്കേണ്ടതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പല വൻകിടവ്യവസായങ്ങളും ആരംഭിക്കുമ്പോൾ മാർക്കറ്റിംഗ് ഫെസിലിറ്റീസുപോലെയുള്ള കാര്യങ്ങളേ പരിഗണിക്കുന്നുള്ളു എന്നാണ് മനസ്സിലാകുന്നത്. ഇത്തരം വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുമ്പോൾ ഇനിമേലിൽ ആരോഗ്യപരമായ കാര്യങ്ങൾകൂടി പരിഗണിച്ചശേഷം മാത്രമേ ലൈസൻസ് കൊടുക്കുകയുള്ളൂ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള ഒരു നടപടിക്രമം സ്വീകരിക്കുമോ? ഇന്ന് അതില്ല. പുനലൂർ പേപ്പർ മില്ലിലും റയോൺസിലും ടൈറ്റാനിയത്തിലുമെല്ലാം ഇന്ന് ഈ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഇനിയിപ്പോൾ വെള്ളൂരിലും ഈ പ്രയാസം അനുഭവപ്പെടാൻ പോകുന്നതായിപ്പറയുന്നു. അതുകൊണ്ട് ഇനി ആരംഭിക്കുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്തതരത്തിൽ ആരംഭിക്കാൻ ഒരു ക്രമീകരണം ഏർപ്പെടുത്തിയശേഷം മാത്രം ലൈസൻസ് അനുവദിക്കുന്നതിന് നടപടിയെടുക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് ഇത് ആലോചിക്കുന്നുണ്ട്. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയിൽ ഇത് സംഭവിക്കാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബോർഡ് ഏതോ നടപടിയെടുക്കാൻ പോകുന്നു എന്ന് പറഞ്ഞു. എന്തുനടപടിയാണെടുക്കാൻ പോകുന്നത്? എന്നത്തേക്ക് നടപ്പിലാക്കും?

ശ്രീ. കെ. പി. പ്രഭാകരൻ: രണ്ട് ആംഗ്ലർനേറ്റീവ് പറഞ്ഞു. ഒന്ന്, ആഴക്കടലിൽ തള്ളുന്നതാണ്. ആഴക്കടലിൽ തള്ളണമെങ്കിലും ഒരു നിശ്ചിത ലവലിൽ ട്രീറ്റ് ചെയ്തിട്ടേ പറ്റൂ. അല്ലെങ്കിൽ കടലിലുള്ള ജന്തുക്കൾക്ക് ഹാനിസംഭവിക്കും. ട്രീറ്റിംഗ പ്ലാൻറും പൈപ്പ് ലൈനും രണ്ടുംകൂടി വേണമോ എന്നുള്ള സംശയം കൊണ്ടാണ് നീണ്ടുപോയത്. ട്രീറ്റിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നു എന്നാണ് അവസാനം കിട്ടിയ വിവരം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്ഥാപിക്കാൻ പോകുന്നതിന്റെ കാര്യം പരിഗണിക്കുന്നു എന്ന് പറഞ്ഞു. സ്ഥാപിച്ചുകഴിഞ്ഞതിന്റെ കാര്യമെന്താണ്? എഫ്.എ.സി.ടി. കൊച്ചിൻ ഡിവിഷനിൽ നാലഞ്ചു വർഷമായി പത്തറുനൂറേക്കർ സ്ഥലം കൃഷിചെയ്യുന്നില്ല. ഇപ്പോഴും വിഷാംശം കലർന്ന ജലം പുറത്തേക്കു വിടുന്നതിന്റെ ഫലമായി വെള്ളം കുടിക്കാൻ കഴിയുന്നില്ല. ഇതൊന്നും വലിയ കാര്യമല്ലെന്നുള്ളതാണോ ഗവൺമെൻറിന്റെ നയം? അതോ വ്യവസായത്തിന്റെ പേരുപറഞ്ഞുകൊണ്ട് കൃഷിയും ജനങ്ങളും നശിക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ട എന്നാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: വളരെ ഗൗരവമുള്ളതാണെന്നതാണ് ഗവൺമെൻറിന്റെ നയം. എഫ് എ. സി. ടി. യുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. ആഗസ്റ്റ് മാസത്തിൽ അതിന്റെ ട്രീറ്റിംഗ് പ്ലാൻറ് കമ്മീഷൻ ചെയ്യാൻ പോകുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ടൈറ്റാനിയം പ്രോഡക്ടസിന്റെ കഴിഞ്ഞകാലചരിത്രം തകരാറുകളും പോരായ്മകളുമുള്ളതാണെന്ന് മനസ്സിലാക്കി ശരിയായ ഒരു പ്രോജക്ട് റിപ്പോർട്ടുതയ്യാറാക്കി ട്രീറ്റ്മെൻറ് നടത്തുന്നതിനുള്ള നടപടി ഒരു പ്രത്യേക ഏജൻസിയെ വച്ചുനടത്തുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: കടലിലുള്ള പൈപ്പ് ലൈനിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫിയാണ്. അവരുടെ പ്രോജക്ട് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ട്രീറ്റിംഗ് പ്ലാൻറിന്റെ കാര്യത്തിലാണെങ്കിൽ 'നീരി'—യുടെ റിപ്പോർട്ടാണ് കിട്ടിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഒരു ക്ലിപ്തകാലാവധിക്കുള്ളിൽ ഇത് നടപ്പിൽ വരുത്താൻ നിർദ്ദേശം കൊടുക്കുമോ? പല കാര്യങ്ങളിലും ഇത്തരത്തിലുള്ള കാലതാമസം വരുത്തിയിട്ടുണ്ടെന്നുള്ളത് മനസ്സിലാക്കി എത്രയും വേഗം നടപ്പിൽ വരുത്താൻ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അതാണ് ഞാൻ പറഞ്ഞത്. ഇത്രയും കാലമായിട്ടും വേണ്ട വേഗത കാണാത്തതുകൊണ്ടാണ് കുറെക്കൂടെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചത്. 1975-ൽ ബോർഡിനു നിർദ്ദേശം കൊടുത്തപ്പോഴും മൂന്നുവർഷം വേണ്ടിവരും ഈ പ്ലാൻ സ്ഥാപിക്കാൻ എന്നാണ് പറഞ്ഞത്. അപ്പോഴും, അത്രയും കാത്തിരിക്കുന്നത് ശരിയല്ലെന്നുപറഞ്ഞുകൊണ്ടാണ് ആഴക്കടലിൽ തള്ളാൻ ഇടക്കാല നിർദ്ദേശം കൊടുത്തത്. ഇതൊക്കെ വേണ്ട രീതിയിൽ നടപ്പാക്കാൻ കഴിയാത്തതിന് പല കാരണങ്ങളും കമ്പനിക്ക് പറയാനുണ്ട്. ഏത് കാരണത്തിന്റെ അടിസ്ഥാനത്തിലും ഇനി ഇതുനടപ്പിൽ വരുത്താതിരിക്കാൻ പാടില്ലെന്നുള്ള ഉദ്ദേശത്തിലാണ് 30-3-1979-ൽ ബോർഡ് വീണ്ടും സ്ഥലം സന്ദർശിക്കുകയും അവസാനതീരുമാനമെടുക്കുകയും ചെയ്തത്.

ശ്രീ. പി. പി. എസ്തോസ്: പല ഫാക്ടറികളിൽ നിന്നുമുള്ള മലിനജലത്തെക്കുറിച്ച് ഇവിടെ പലപ്പോഴും പറയാറുള്ളതാണ്. റബ്ബർ പ്രോസസിംഗ് ഫാക്ടറീസ് നാട്ടുംപുറങ്ങളിൽ സാർവ്വത്രികമായി ഉണ്ടാകുന്നു. റബ്ബർപ്രോസസിംഗ് ഫാക്ടറിയിൽ നിന്ന് മലിനജലം കാരണം മൂവാറ്റുപുഴയിൽ നൂറേക്കറിൽപ്പരം വരുന്ന കൃഷിനശിച്ചു. വാട്ടർ പൊല്യൂഷൻ ബോർഡിന്റെ കൺട്രോൾ സ്റ്റേറ്റ് വ്യാപകമാക്കാനും ഇത്തരത്തിലുള്ള ചെറിയ ഫാക്ടറികളിൽ നിന്നുപോലും മലിനജലം പുറത്തേക്കു വിടുന്നത് തടയാനും ഇന്ന് എന്തെങ്കിലും നിയമം നിലവിലുണ്ടോ? ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു റെസ്ട്രിക്ഷൻ കൊണ്ടുവരുന്നതിന് എന്തെങ്കിലും അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: സ്റ്റേറ്റ് ബോർഡിന്റെ പ്രവർത്തന പരിധി സ്റ്റേറ്റൊട്ടാകെ ബാധകമാണ്. ചെറിയചെറിയ ഫാക്ടറികളെക്കുറിച്ചുള്ള കംപ്ലെയിന്റ്സ് ഗവൺമെന്റിന് കിട്ടുന്നുണ്ട്. അത് തീർച്ചയായിട്ടും ബോർഡ് പരിശോധിക്കും.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ രണ്ടു പ്രോജക്ട് റിപ്പോർട്ടുകളും എന്നാണ് ഗവൺമെന്റിന് കിട്ടിയത്? ഇതിൽ ഏത് പ്രോജക്ട് നടപ്പാക്കുന്നതാണ് ഭേദം എന്നുള്ളതാലോചിച്ചിട്ടുണ്ടോ, തീരുമാനിച്ചിട്ടുണ്ടോ? ഏതാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്, എന്നത്തേക്കു നടപ്പാകും?

ശ്രീ. കെ. പി. പ്രഭാകരൻ: അതിന്റെ വ്യക്തമായ ഉത്തരം ഇപ്പോഴും കൈവശമില്ല. കമ്പനിയാണ് റിപ്പോർട്ട് വരുത്തിയിട്ടുള്ളത്. ഗവൺമെന്റിന്റെ കൈയിൽ ഇപ്പോഴും ആവശ്യമായ വിവരമില്ല.

ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ

*819 [886] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിൽ ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly